## പതിമൂന്നാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2424

19.6.2013 ലെ മറുപടിയ്ക്ക്

### കാക്കടവ് ഡാമിന്റെ സംഭരണശേഷി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| ഏഴിമല നേവൽ അക്കാദമി , പെരിങ്ങോം സി.ആർ.പി.എഫ് ക്യാമ്പ് എന്നിവിടങ്ങളിലേക്ക് ശുദ്ധജലം എത്തിക്കുന്ന കാക്കടവ് ഡാമിന്റെ സംഭരണശേഷി ഉയർത്തി പ്രദേശവാസികൾക്കുകൂടി ജലം ലഭ്യമാക്കുന്ന രീതിയിൽ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ? | കാക്കടവിൽ നിലവിൽ ഡാം ഇല്ല. ഏഴിമല നേവൽ അക്കാദമിക്കും നബാർഡ് സഹായത്തോടുകൂടി നടപ്പാക്കിയ രാമന്തളി പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതിക്ക് വേണ്ടി ,വേനൽ മാസങ്ങ ളിൽ പമ്പിംഗിന് വേണ്ടി ജലം സംഭരിക്കുന്നതിന് കാര്യങ്കോട് പുഴയിൽ നിലവിലുള്ള പമ്പ്ഹൗസിനടുത്ത് ഒരു താല്കാലിക തടയണ നിർമ്മിക്കാറുണ്ട്. തടയണയുടെ ഉയരം വർദ്ധിപ്പിക്കുവാൻ കഴിയില്ല. ഇത്തരം താല്കാലിക തടയണക്ക് പകരമായി 2 മീറ്റർ ഉയരമുള്ള ഒരു സ്ഥിരം കോൺക്രീറ്റ് തടയണ നിർമ്മിക്കുന്നതിന് അംഗീകാരം നൽകിയിരുന്നു. എന്നാൽ ഇതിന് 4 പ്രാവശ്യം ടെണ്ടർ വിളിച്ചെങ്കിലും കരാറുകാർ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാ കാത്തതു മൂലം പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ വീണ്ടും ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകുകയാണ്.<br><br>നിലവിൽ പ്രസ്തുത കോൺക്രീറ്റ് തടയണയുടെ ശേഷി ഉയർത്തുന്നതിനുള്ള പദ്ധതിയൊന്നും ആസൂത്രണം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ